# കണ്ടൽ കാഴ്ചകളുമായി പിച്ചാവരം

ഒരിക്കലും മടുക്കാത്ത കാഴ്ചകളുടെ ഉത്സവമാണ് പിച്ചാവരത്തെ കണ്ടൽകാടുകൾ സഞ്ചാരികൾക്കായി ഒരുക്കുന്നത്. വിസ്തൃതി കൊണ്ട് ലോകത്തിൽ രണ്ടാമത്തെ ചതുപ്പുനിലക്കാടായ പിച്ചാവരം തമിഴ്നാട്ടിലെ കടലൂർ ജില്ലയിലാണ്. കരിംകല്ലിന്റെ ദൃശ്യവിസ്മയമായ ചിദംബരത്തു നിന്നും 16 കിലോമീറ്റർ കിഴക്കോട്ട് യാത്രചെയ്താൽ ബംഗാൾ ഉൾക്കടലിനോട് ചേർന്നുകിടക്കുന്ന പിച്ചാവരത്തെത്താം.

ഇവിടത്തെ ചതുപ്പുനിലക്കാടുകൾ(MANGROVE FOREST) എന്നറിയപ്പെടുന്ന കണ്ടൽവനങ്ങൾ വിസ്തൃതി കൊണ്ടുമാത്രമല്ല നമ്മെ അത്ഭുതപ്പെടുത്തുക. നിറഞ്ഞ ശാന്തതയും ജൈവസമൃദ്ധിയും ഈ തീരത്തിന്റെ പ്രത്യേകതകളാണ്. 2800 ഏക്കറുകളിലായി പരന്നു കിടക്കുന്ന ഈ കണ്ടൽ പ്രദേശം തമിഴ്നാട് സർക്കാരിന്റെ സംരക്ഷിത മേഖലയാണ്.

ടൂറിസം സ്പോട്ടാണെങ്കിലും ടൂറിസത്തിന്റെ ദൂഷ്യവശങ്ങൾ ഒഴിവാക്കി കൊണ്ടുള്ള ഇക്കോ-ടൂറിസം പദ്ധതികളാണ് ഇവിടെ നടപ്പിലാക്കിയിരിക്കുന്നത്. ഈ തീരങ്ങളിൽ മോട്ടർ ബോട്ടുകൾ അനുവദനീയവുമല്ല. കളിമണ്ണിലേക്ക് വേരുകളാഴ്ത്തി ചെളിയും വേരുകളും ജലവും ഒക്കെ ഒത്തുചേരുന്ന കുറ്റികാട്ടുകളാണ് കണ്ടൽവനങ്ങൾ. വിവിധ സൂക്ഷ്മ സസ്യ-ജന്തുജാലങ്ങളുടെ നിലനില്പിനാവശ്യമുള്ള സമൃദ്ധമായ ജൈവിക അടിത്തറ വളർത്തി എടുക്കുന്നതിലും കണ്ടൽകാടുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. വരണ്ട ഭൂമിയിലെ ഒരു പച്ചത്തുരുത്തായി പിച്ചാവരം നിലനിൽക്കുമ്പോഴും ഇവിടെ വർദ്ധിച്ചു വരുന്ന ടൂറിസ്റ്റുകളുടെ തിരക്ക് പ്രകൃതിസ്നേഹികളെ അലോരസപ്പെടുത്തുന്നുണ്ട്. കണ്ടൽത്തുരുത്തുകളിലൊന്നിൽ സ്ഥിതി ചെയ്യുന്ന 'ഹോട്ടൽ തമിഴ്നാടും' കായലിനോട് ചേർന്നുള്ള ടൂറിസം വകുപ്പിന്റെ തന്നെ പെർമിറ്റ് റൂം (ബാർ) നഗരങ്ങളിൽ നിന്ന് വിശ്രമിക്കാനും സുഖിക്കാനും മാത്രമെത്തുന്ന പ്രകൃതി ബോധമില്ലാത്ത ഒരു വിഭാഗത്തിന്റെ കേന്ദ്രമാക്കി പിച്ചാവരത്തെ മാറ്റുന്നുണ്ട്. പ്ലാസ്റ്റിക് നിരോധിത പ്രദേശമെങ്കിലും കായലിലും കണ്ടൽ തുരുത്തുകളിലും കണ്ടുതുടങ്ങിയ പെപ്പി ബോട്ടിലുകളും പ്ലാസ്റ്റിക് കവറുകളും പ്രകൃതിയുടെ അപൂർവ്വ അനുഗ്രഹങ്ങളിലൊന്നായ പിച്ചാവരം പോലുള്ള ഒരു കേന്ദ്രത്തെ നിലനിർത്തുന്നതിന് കൂടുതൽ കരുത്ത നടപടികളും നിയന്ത്രണങ്ങളും അവശ്യമാണെന്ന് ഓർമ്മിപ്പിക്കുന്നു.

കെ.എസ്.